# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** **04.02.2014 ൽ മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. 401**

അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ<br>ശ്രീ. എം.എ. ബേബി<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) ദേശീയ വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം അനധികൃത വിദ്യാലയങ്ങളുടെ പ്രവർത്തനം അനുവദനീയമാണോ; എങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഈ വിധത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയിരത്തിലധികം വരുന്ന അനധികൃത സ്കൂളുകൾക്ക് അംഗീകാരം നല്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; മാനദണ്ഡങ്ങൾ ഒന്നും തന്നെ പാലിക്കാതെ പ്രവർത്തിക്കുന്ന ഇത്തരം സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് ചട്ട പ്രകാരമാണോ;<br><br>(സി) ഇത്തരം അനധികൃത സ്കൂളുകൾ, തൊട്ടടുത്ത് വർഷങ്ങളായി പ്രവർത്തിച്ചു വരുന്ന സർക്കാർ സ്കൂളുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യം അറിവുള്ളതാണോ;<br><br>(ഡി) അനധികൃത വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകാനുള്ള തീരുമാനം പൊതു വിദ്യാഭ്യാസ മേഖലയെ കുടുതൽ പ്രതിസന്ധിയിലേക്കു നയിക്കും എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (എ) (ബി) (സി) & (ഡി) ദേശീയ വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം അനധികൃത വിദ്യാലയങ്ങളുടെ പ്രവർത്തനം അനുവദനീയമല്ല. സംസ്ഥാന പാഠ്യ പദ്ധതി പിൻതുടരുന്ന അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് മാനദണ്ഡം നിശ്ചയിച്ചു കൊണ്ട് 10.06.2013 - ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അംഗീകാരത്തിന് അപേക്ഷിച്ചിരിക്കുന്ന സ്കൂളുകൾക്ക് വിശദ പരിശോധനയ്ക്കുശേഷം അർഹതയുള്ള പക്ഷം അംഗീകാരം നൽകുന്നതും അത് പൂർത്തികരിച്ചശേഷം ഇത്തരത്തിൽ പ്രവർത്തിക്കുന്ന അനധികൃത സ്കൂളുകൾക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ